## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3983 21/10/2016-ൽ മറുപടിയ്ക്ക്

## ഭവനനിർമ്മാണ പദ്ധതികളിൽ തുക ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഇ.എം.എസ്. ഭവനപദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് എത്രയാണെന്നും, ഇതിന്റെ മുൻകാലപ്രാബല്യം എന്ന് മുതലാണെന്നും വ്യക്തമാക്കുമോ | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിൽ നിന്നും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് യൂണിറ്റ് കോസ്റ്റ് ജനറൽ വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും 2,00,000/-(രണ്ടു ലക്ഷം) രൂപയായും പട്ടികവർഗ്ഗ വിഭാഗത്തിന് 2,50,000/-(രണ്ടു ലക്ഷത്തി അൻപതിനായിരം) രൂപയായും വർദ്ധിപ്പിച്ച് 15/09/2011 മുതൽ പ്രബാല്യം നൽകി ഉത്തരവായിട്ടുണ്ട്. |
| (ബി) | എം.എൻ. ലക്ഷം വീട് ഗുണഭോക്താക്കൾക്കും ഈ മുൻകാലപ്രാബല്യം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; | (ബി) | ഇല്ല; ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | ഇ.എം.എസ്. ഭവനപദ്ധതിയിൽ മേൽക്കൂരവരെ പൂർത്തിയാക്കിയവർക്ക് അവസാനഗഡു നൽകുവാനുള്ള ഉത്തരവ് എം.എൻ. ലക്ഷം വീട് ഗുണഭോക്താക്കൾക്കും ബാധകമാക്കിയിട്ടുണ്ടോ; | (സി) | 2016-2017 വാർഷിക പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം മേൽക്കൂര നിർമ്മിച്ച് മുഴുവൽ നിർമ്മാണങ്ങളും പൂർത്തിയാക്കിയാൽ അവസാന ഗഡു തുക അനുവദിക്കാവുന്നതാണെന്നുള്ള വ്യവസ്ഥ ഇ.എം.എസ്. ഭവനപദ്ധതി ഗുണഭോക്താക്കൾക്കു പുറമേ എം.എൻ. ലക്ഷം വീട് ഭവനപദ്ധതി ഗുണഭോക്താക്കൾക്കും ബാധകമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇല്ലെങ്കിൽ എം.എൻ. ലക്ഷം വീട് ഗുണഭോക്താക്കൾക്കു കൂടി ആയത് ബാധകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ഡി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ